നടത്തുന്ന സംഭവങ്ങൾ ഇന്ന് വർദ്ധിച്ചുവരുന്നുണ്ട്. അത് വിമാനത്താവളങ്ങളിൽ ശരിയായ പരിശോധനകൾ നടത്തി പിടിക്കുന്നുമുണ്ട്. ഇത് സംസ്ഥാന പോലീസിന്റെ നിയന്ത്രണത്തിലുള്ള കാര്യമല്ല. ഇതിന്റെ പൂർണ്ണമായ നിയന്ത്രണം കസ്റ്റംസ് ആന്റ് ഇന്റലിജന്റ്സ് വിഭാഗത്തിനാണ്. ഐ.ബി.യും കസ്റ്റംസും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ കാണിക്കുന്നുണ്ട്. വിമാനത്താവളങ്ങളിലെ പരിശോധന കൂടുതൽ ശക്തമാക്കുവാനും കസ്റ്റംസ് ആന്റ് ഇന്റലിജൻസ് വിഭാഗങ്ങളുടെ പരിശോധന കൂടുതൽ ഊർജ്ജിതമാക്കുന്നതിനും വേണ്ടിയിട്ടുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അവരോട് ആവശ്യപ്പെടുന്നുണ്ട്. ഇത്തരം കള്ളക്കടത്ത് സ്വർണ്ണം കണ്ടെത്തുവാനുള്ള ഊർജ്ജിതമായ ശ്രമം അവരുടെ ഭാഗത്തുനിന്ന് നടക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട പല കേസുകളും എൻ.ഐ.എ.-യ്ക്ക് ഇതിനകം വിട്ടുകൊടുത്തിട്ടുണ്ട്. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ജയിലിൽ അങ്ങനെയുള്ള ഗൂഢാലോചന നടന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതായാലും അദ്ദേഹം പറഞ്ഞ സാഹചര്യത്തിൽ അത് ഗൗരവമായി അന്വേഷിക്കുന്നതാണ്. ഇത്തരം സ്വർണ്ണകള്ളക്കടത്തുക്കാരെ ശക്തമായി നിയന്ത്രിക്കാനുള്ള നടപടികൾ കേന്ദ്ര ഇന്റലിജൻസ് ആന്റ് കസ്റ്റംസ് വിഭാഗവുമായി ആലോചിച്ച് സംസ്ഥാന ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്. ഞാൻ എ.ഡി.ജി.പി. നോർത്തിനോടും സൗത്തിനോടും കമ്പയിൻഡായിട്ടുള്ള രണ്ട് മീറ്റിംഗുകൾ എറണാകുളത്തും തിരുവനന്തപുരത്തും കോഴിക്കോടും കൂടാൻ ആവശ്യപ്പെട്ടിരുന്നു. ഇതിനുവേണ്ടി ലോക്കൽ പോലീസിന്റെ സഹായംകൂടി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഈ സ്വർണ്ണം ആർ കൊണ്ടുവരുന്നു ; എവിടേയ്ക്ക് പോകുന്നു ; ഇതിന്റെ ഉപയോഗമെന്താണ്; ഇങ്ങനെയുള്ളത് ഗൗരവമായ കാര്യങ്ങൾതന്നെയാണ്. ഗവൺമെന്റ് അതീവ ഗൗരവത്തോടെ ഈ കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണ്.

5. നവരാത്രി വിഗ്രഹങ്ങൾക്ക് വിശ്രമത്തിന് സൗകര്യം

ശ്രീ. ആർ. സെൽവരാജ് : സർ, ചരിത്രപ്രസിദ്ധമായ നവരാത്രി പൂജയ്ക്കായി തമിഴ്നാട്ടിൽ നിന്നും കുമാരകോവിൽ, പത്മനാഭപുരം, ശുചീന്ദ്രം എന്നീ കേന്ദ്രങ്ങളിൽനിന്നും വരുന്ന വിഗ്രഹങ്ങൾ കേരള അതിർത്തിയായ കളിയിക്കാവിളയിൽ എത്തിച്ചേരുന്നു. അവിടെവച്ച് ജനപ്രതിനിധികളുടെയും പോലീസ്, റവന്യൂ, ഫയർ എന്നീ വകുപ്പുകളുടെയും നാട്ടുകാരുടെയും സാന്നിധ്യത്തിൽ ഗംഭീരമായ സ്വീകരണം നൽകി നെയ്യാറ്റിൻകരയിലേക്ക് ആനയിക്കുന്നു. നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ ഈ നവരാത്രി വിഗ്രഹങ്ങളുടെ ഘോഷയാത്ര രാത്രിയിൽ വിശ്രമിക്കുകയും അടുത്തദിവസം തിരുവനന്തപുരത്തേക്ക് യാത്ര തിരിക്കുകയുമാണ് ചെയ്യുന്നത്. രാത്രിയിൽ നവരാത്രി വിഗ്രഹങ്ങൾ സൂക്ഷിക്കുന്നതിനോ അകമ്പടി സേവിച്ചുവരുന്ന കേരളത്തിലെയും തമിഴ്നാട്ടിലെയും പോലീസുകാർക്കോ മറ്റ് രാജ പ്രതിനിധികൾക്കോ മറ്റ് വിവിധ സംഘടനകളുടെ പ്രതിനിധികൾക്കോ സൗകര്യപ്രദമായി വിശ്രമിക്കുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളൊന്നുമില്ല. അതുകൊണ്ട് ഈ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തോടനുബന്ധിച്ച് നവരാത്രി വിഗ്രഹങ്ങൾ സൂക്ഷിക്കുന്നതിനും അകമ്പടി സേവിക്കുന്നവർക്കുമാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കണം. അതുപോലെ രാവിലെയും രാത്രിയിലും അവർക്കാവശ്യമായ ഭക്ഷണം നൽകുന്നതിന് ദേവസ്വംബോർഡിൽനിന്നും തുച്ഛമായ തുകയാണ് ലഭിക്കുന്നത്. ആ തുക വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, നവരാത്രി പൂജയ്ക്കായി നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ എത്തിച്ചേരുന്ന നവരാത്രി വിഗ്രഹങ്ങൾ വഹിച്ചുകൊണ്ടുവരുന്നവർക്ക് വിശ്രമിക്കുന്നതിനാവശ്യമായ മണ്ഡപവും അടിസ്ഥാനസൗകര്യവുമൊരുക്കുന്നത് സംബന്ധിച്ച് പ്രസ്തുത ക്ഷേത്രത്തിലെ ഊട്ടുപുരയ്ക്കുമുന്നിലായി തുറസ്സായി കിടക്കുന്ന സ്ഥലത്ത് ഒരു ഓഡിറ്റോറിയം ദേവസ്വം ബോർഡിന്റെ ചെലവിൽ നിർമ്മിക്കുന്ന കാര്യം ബോർഡിന്റെ പരിഗണനയിലാണ്. കൂടാതെ നവരാത്രി ഘോഷയാത്രയെ അനുഗമിക്കുന്നവർക്ക് ക്ഷേത്രത്തിൽ തങ്ങുന്നതിനായി ഊട്ടുപുരയുടെയും ലൈബ്രറി ഹാളിന്റെയും ശ്രീകൃഷ്ണ ഓഡിറ്റോറിയത്തിന്റെയും മെയിന്റനൻസ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. നവരാത്രി പൂജയുമായി ബന്ധപ്പെട്ട് ആവശ്യമായിട്ടുള്ള എല്ലാ ക്രമീകരണങ്ങളും നെയ്യാറ്റിൻകര ക്ഷേത്രത്തിൽ ഏർപ്പെടുത്തണമെന്ന് ദേവസ്വം ബോർഡിന് നിർദ്ദേശം നൽകുന്നതാണ്. അതോടൊപ്പം എത്രയോ വർഷമായി നടന്നുവരുന്ന നവരാത്രി വിഗ്രഹ ഘോഷയാത്രയുമായി ബന്ധപ്പെട്ട് കഴിഞ്ഞവർഷം സർക്കാർ തലത്തിൽ ഞാൻതന്നെ വിവിധ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരുടെയും മറ്റ് സംഘടനകളുടെയും യോഗം വിളിച്ചുചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നു. ഈ പ്രാവശ്യവും അത്തരത്തിലുള്ള യോഗം വിളിച്ചുചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

6. വിത്തുതേങ്ങ സംഭരിച്ചതിന്റെ വില നൽകൽ

ശ്രീ. ഇ. കെ. വിജയൻ : സർ, കേരളത്തിലെ ഏറ്റവും നല്ല നാളികേരം ഉല്പാദിപ്പിക്കുന്നത് കുറ്റ്യാടി തേങ്ങ ശേഖരിക്കുന്ന മേഖലകളിൽ നിന്നാണ്. ഇവിടെ കാവിലുംപടി, കായപ്പാറ, മരുതോങ്കര തുടങ്ങിയ മേഖലകളിൽ നിന്ന് ശേഖരിച്ച കഴിഞ്ഞവർഷത്തെ രണ്ടാംഘട്ട വിത്തുതേങ്ങയുടെ വില മുന്നൂറോളം കൃഷിക്കാർക്കായി 60 ലക്ഷംരൂപയുടെ കുടിശ്ശികയുണ്ട്. അത് എത്രയുംവേഗം നൽകണം. അതോടൊപ്പം കഴിഞ്ഞദിവസമുണ്ടായ ചുഴലിക്കാറ്റിൽ ആ മണ്ഡലത്തിലെ വിവിധ മേഖലകളിലുള്ള വീടുകൾക്കും വിദ്യാലയങ്ങൾക്കും കൃഷിക്കും വലിയ തോതിൽ നാശം സംഭവിച്ചിരിക്കുകയാണ്. നാദാപുരം, തൂണേരി, കായക്കൊടി, മരുതോങ്കര പഞ്ചായത്തുകളിലാണ് കൃഷിനാശം സംഭവിച്ചിട്ടുള്ളത്. ഇരുപതിലേറെ വീടുകൾ ഭാഗികമായി തകർന്നതാണെങ്കിലും വീട് പുനർനിർമ്മിക്കേണ്ട സാഹചര്യമാണുള്ളത്. അതോടൊപ്പം കായക്കൊടി പഞ്ചായത്തിലെ ഒരു വിദ്യാലയത്തിന്റെ മേൽക്കൂര പൂർണ്ണമായും കാറ്റിൽ പറന്നുപ്പോകുകയും ചെയ്തിട്ടുണ്ട്. വലിയ തോതിലുള്ള കൃഷിനാശമാണ്

LIBRARY ARCHIVES Kerala Legislative Assembly